പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 1222

08.02.2013-ൽ മറുപടി
നൽകേണ്ടത്

# ഭൂസമരക്കാരുടെ ആവശ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ.നെല്ലിക്കുന്ന്<br>,, റ്റി. എ. അഹമ്മദ് കബീർ<br>,, അബ്ദു റഹിമാൻ രണ്ടത്താണി<br>,, കെ. എൻ.എ. ഖാദർ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂരഹിതരില്ലാത്ത കേരളം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ തയ്യാറാക്കിയ പദ്ധതി വിശദമാക്കുമോ; | (എ) 2015- ാം വർഷത്തോടുകൂടി കേരളത്തിനെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കാണ് Zero landless (Citizens) Kerala - 2015 എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം ഓരോ ഭൂരഹിത കുടുംബത്തിനും, ഭവന നിർമ്മാണത്തിന് അനുയോജ്യമായ 3 സെന്റ് ഭൂമി വീതം പതിച്ചു നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.<br><br>ഈ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ വില്ലേജാഫീസർ, തഹസീൽദാർ എന്നിവരുടെ പ്രാഥമിക പരിശോധന പൂർത്തിയാക്കി അർഹരെന്ന് കണ്ടെത്തിയ അപേക്ഷകരുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിനാവശ്യമായ ഭൂമി ഏതുവിധത്തിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | (ബി) പതിവിന് വിധേയമായ സർക്കാർ പുറമ്പോക്ക്, മിച്ചഭൂമി, അന്യം നില്പ് ഭൂമി, ബോട്ട് ഇൻ ലാന്റ് ഭൂമി എന്നിവയിൽ വീട് വയ്ക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തി ഉപയോഗപ്പെടുത്താനാണ് |

| | |
|---|---|
| | ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) സംസ്ഥാനത്ത് ഭൂസമരം നടത്തുന്നവരുടെ ആവശ്യങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) മുൻ മന്ത്രിസഭയുടെ കാലത്ത് എത്ര മിച്ചഭൂമി പിടിച്ചെടുത്തിരുന്നു; എത്ര ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്തു എന്നതിന്റെ വിശദവിവരം നല്കുമോ? | (ഡി) മുൻ മന്ത്രിസഭയുടെ കാലത്ത് 701.88 ഹെക്ടർ മിച്ചഭൂമി ഏറ്റെടുത്തിരുന്നു. 16338 പേർക്ക് മിച്ചഭൂമി വിതരണം ചെയ്തു. |

സെക്ഷൻ ഓഫീസർ